"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. WM3/330/2025-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 31-10-2025

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ പൊതു തിരഞ്ഞെടുപ്പ് 2025 - പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് നടത്തിപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-

1 കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 27/10/2025-ലെ A6/173/2025-SEC നമ്പർ സർക്കുലർ

2 കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 23.10.2025 ലെ KSPCB/732/2023-SEE-3 നമ്പർ കത്ത്

**********************

2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തിരഞ്ഞെടുപ്പിനുള്ള മാർഗ്ഗനിർദ്ദേശം കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രചാരണം മുതൽ തിരഞ്ഞെടുപ്പിന് ശേഷമുള്ള ശുചീകരണം വരെ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിച്ച്, തിരഞ്ഞെടുപ്പ് പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ താഴെക്കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**1. ജില്ലാ കളക്ടർമാർക്കുള്ള പിന്തുണയും ഏകോപനവും**

തിരഞ്ഞെടുപ്പ് പ്രക്രിയിൽ പൂർണ്ണമായി ഹരിതചട്ടം ഉറപ്പാക്കാനും ഈ കാലയളവിൽ ജില്ലയിലെ

മാലിന്യ പരിപാലനം വീഴ്ച കൂടാതെ നടക്കുമെന്ന് ഉറപ്പാക്കാനും ജില്ലാ കളക്ടർമാർക്കാണ് ചുമതല നൽകിയിരിക്കുന്നത്. ഇതിലേക്ക് ആവശ്യമായ സേവനം ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിലെ മാലിന്യ പരിപാലന ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, ജില്ലാ കോ-കോർഡിനേറ്റർ (മാലിന്യ മുക്തം നവകേരളം), ക്ലീൻ കേരളാ കമ്പനി ജില്ലാ മാനേജർ, എന്നിവർ ഉൾക്കൊള്ളുന്ന ടീം ഹരിതചട്ടം സെൽ എന്ന രീതിയിൽ ജില്ലാ കളക്ടറുടെ പിന്തുണാ സംവിധാനമായി പ്രവർത്തിക്കേണ്ടതാണ്.

**2. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കലും സ്ക്വാഡുകളുടെ രൂപീകരണവും**

ഇലക്ഷൻ കമ്മിഷൻ നിർദേശങ്ങൾ പ്രകാരം ഹരിതചട്ട നിബന്ധനകൾ പാലിക്കാതിരിക്കുന്നവർക്ക് എതിരെയും പ്രചാരണം - അലങ്കാരം സ്ഥാനാർത്ഥി സ്വീകരണം തുടങ്ങിയവയ്ക്കായി നിരോധിത വസ്തുക്കൾ ഉപയോഗിക്കുന്ന സംഘടനകൾക്കും സ്ഥാനാർത്ഥികൾക്കെതിരേയും കർശന നിയമനടപടി സ്വീകരിക്കണം. ഇത് കണ്ടെത്തുന്നതിനായി തദേശസ്ഥാപന തലത്തിൽ പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡിന് തദ്ദേശ സ്ഥാപന സെക്രട്ടറി രൂപം നൽകണം. 'സിംഗിൾ വാട്സപ്പ് നമ്പർ' ഹരിത ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിന് ഉപയോഗിക്കാമെന്നത് സംബന്ധിച്ച് പൊതുജന ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനം തദ്ദേശ സ്ഥാപന സെക്രട്ടറി പ്രതിദിന വിലയിരുത്തലിന് വിധേയമാക്കേണ്ടതും സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന നിരോധിത വസ്തുക്കൾ, നിയമവിരുദ്ധമായി സ്ഥാപിച്ച ബോർഡുകൾ / ബാനറുകൾ തുടങ്ങിയ വസ്തുക്കൾ എന്നിവ താൽക്കാലികമായി സംഭരിക്കുന്നതിന് MCF / പ്രത്യേക സ്റ്റോറേജ് സംവിധാനം ഉറപ്പാക്കേണ്ടതാണ്.

**3 . പരിശീലനകേന്ദ്രങ്ങൾ , പോളിംഗ് ബൂത്ത് , വിതരണ കേന്ദ്രം, കൗണ്ടിംഗ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ഹരിതചട്ടം പാലിക്കുന്നത് സംബന്ധിച്ച നടപടികൾ**

ഇലക്ഷൻ കമ്മിഷൻ സൂചന 1 പ്രകാരം നിർദേശിച്ചിരിക്കുന്ന ഹരിത ചട്ട നിബന്ധനകൾ തദ്ദേശസ്ഥാപന തലത്തിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ യോഗം വിളിച്ച് വിശദീകരിച്ച് നൽകേണ്ടതാണ്. പ്രചാരണം, അലങ്കാരം, സ്വീകരണങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കാവുന്ന വസ്തുക്കൾ, ഭക്ഷണം-കുടിവെള്ളം വിതരണത്തിൽ ഹരിതചട്ടം പാലിക്കേണ്ടത്, റാലികളും സമ്മേളനങ്ങളും നടക്കുന്നിടങ്ങൾ വൃത്തിയാക്കൽ, ഇവിടങ്ങളിൽ ഉണ്ടാകാവുന്ന പാഴ് വസ്തുക്കൾ

സമാഹരിച്ച് ഹരിത കർമ്മ സേനയ്ക്ക് യൂസർഫീസ് നൽകി കൈയൊഴിയൽ, തുടങ്ങി ഇലക്ഷൻ കമ്മിഷന്റെ മാർഗ്ഗനിർദേശങ്ങളിലെ ഓരോ ഇനവും വ്യക്തമായി പ്രസ്തുത യോഗത്തിൽ വിശദീകരിച്ചു നൽകണം. ഇതോടൊപ്പം പ്രാദേശിക മാധ്യമങ്ങൾ വഴിയും സമൂഹമാധ്യമങ്ങൾ വഴിയും ഇക്കാര്യങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കാനുള്ള നടപടികളും സ്വീകരിക്കണം. സ്ഥാനാർത്ഥികളുടെ ഭാഗത്ത് നിന്നും മാലിന്യ പരിപാലനത്തിൽ വീഴ്ച ഉണ്ടായാൽ അത് സ്ഥാനാർത്ഥിയുടെ വ്യക്തിപരമായ ബാധ്യതയായി പരിഗണിച്ച് നടപടികൾ സ്വീകരിക്കുമെന്ന വിവരവും രാഷ്ട്രീയ പാർട്ടി നേതാക്കളുടെ യോഗത്തിൽ വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഇലക്ഷന്റെ ഭാഗമായുള്ള ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ, പോളിംഗ് സാമഗ്രികളുടെ വിതരണ - സംഭരണ കേന്ദ്രങ്ങൾ, കൗണ്ടിംഗ് സ്റ്റേഷൻ തുടങ്ങി ഇലക്ഷൻ നടപടിക്രമങ്ങൾ നടക്കുന്നിടങ്ങളിൽ കർശനമായി ഹരിതചട്ടം പാലിക്കണമെന്ന സംസ്ഥാന ഇലക്ഷൻ കമ്മിഷന്റെ നിർദ്ദേശം പാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവിടങ്ങളിൽ ഉണ്ടാകുന്ന പാഴ് വസ്തുക്കൾ തരം തിരിച്ച് സംഭരിക്കുന്നതിനുള്ള ബിന്നുകളും , പാഴ് വസ്തുക്കൾ യഥാ സമയം നീക്കം ചെയ്യുന്നതിന് ആവശ്യമായ ഹരിത കർമ്മസേനയുടെ സേവനവും ഉറപ്പാക്കണം.

**4. ഭക്ഷണത്തിനായി ഗ്രീൻ പാക്കിംഗ് ഉറപ്പാക്കുക**

പോളിംഗ് ഉദ്യോഗസ്ഥർക്കും ഏജന്റുമാർക്കും ഭക്ഷണത്തിന് പ്ലാസ്റ്റിക് പാഴ്സലുകൾ പൂർണ്ണമായും ഒഴിവാക്കി പകരം കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകൾ മുഖേന വാഴയിലയിലോ പുനരുപയോഗിക്കാവുന്ന പാത്രങ്ങളിലോ മാത്രം ഭക്ഷണം ലഭ്യമാക്കേണ്ടതാണ്. ഇതിനായുള്ള ക്രമീകരണം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഒരുക്കേണ്ടതാണ്.

**5. പ്രവർത്തനങ്ങളുടെ ചെലവ് തദ്ദേശ സ്ഥാപനം ഈടാക്കൽ - ഹരിത കർമ്മസേനയുടെ സേവനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ**

വോട്ടെടുപ്പ് അവസാനിച്ചാൽ ഉടൻ സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും പ്രചരണ സാമഗ്രികൾ ശേഖരിച്ച് ഹരിതകർമ്മ സേനയ്ക്ക് യൂസർഫീ സഹിതം കൈമാറേണ്ടതാണ്. ഇപ്രകാരം നീക്കം ചെയ്യുന്നില്ലെങ്കിൽ വോട്ടെടുപ്പ് അവസാനിച്ച് അഞ്ചു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രസ്തുത സാമഗ്രകൾ നീക്കം ചെയ്യുകയും പുനഃചംക്രമണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി / മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയ്ക്ക് കൈമാറുകയും ഇതിന്റെ ചെലവ് പ്രസ്തുത സാമഗ്രികളുടെ ഗുണഭോക്താവായ സ്ഥാനാർത്ഥിയിൽ

നിന്നും ഈടാക്കുന്നതിനാവശ്യമായ നിയമനടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ പരിശീലന കേന്ദ്രങ്ങൾ, ഇലക്ഷൻ സാമഗ്രി വിതരണ - സംഭരണ കേന്ദ്രങ്ങൾ, പോളിംഗ് ബൂത്ത്, കൗണ്ടിംഗ് സ്റ്റേഷൻ തുടങ്ങിയിടങ്ങളിൽ മാലിന്യ പരിപാലനത്തിനായി ഹരിതകർമ്മസേനയുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്. ഓരോ സ്ഥലത്തേയും പങ്കാളിത്തം, ഉണ്ടാകാവുന്ന മാലിന്യത്തിന്റെ അളവ് എന്നിവ കണക്കാക്കി ആവശ്യമായ ഹരിത കർമ്മ സേനയെ നിയോഗിക്കാം. ഇങ്ങനെ നിയോഗിക്കുന്ന ഒരു ഹരിതകർമ്മ സേനാംഗത്തിന് പ്രതിദിനം 710/- രൂപാ നിരക്കിൽ , തെരഞ്ഞെടുപ്പ് ചെലവുകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്നും, ഇല്ലെങ്കിൽ തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകേണ്ടതാണ്. ഇത് ഇലക്ഷൻ കഴിഞ്ഞ് അഞ്ച് പ്രവർത്തി ദിവസത്തിനുള്ളിൽ തന്നെ നൽകിയെന്ന് ബന്ധപ്പെട്ട തദ്ദേശ സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

6. **മറ്റ് നിർദ്ദേശങ്ങൾ**

- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സൂചന - 2 പ്രകാരം സംസ്ഥാനത്ത് പ്രിന്റിംഗ് മെറ്റീരിയൽ വിതരണം ചെയ്യുന്ന ഹോൾസെയിൽ ഡീലേഴ്സിന് പ്രിന്റിംഗിന് ഉപയോഗിക്കേണ്ട മെറ്റീരിയൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മുൻകൂട്ടി നൽകി കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ച് പോസ്റ്റർ, ബാനർ, ബോർഡുകൾ മറ്റു പ്രചാരണ ഉപാധികൾ തയ്യാറാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി ഉറപ്പ് വരുത്തേണ്ടതാണ്.
- മിനി എം.സി.എഫ്, ബോട്ടിൽ ബൂത്തുകൾ, എം.സി.എഫ്, ആർ.ആർ.എഫ് തുടങ്ങിയ സംഭരണകേന്ദ്രങ്ങളിൽ നിലവിലുള്ള പാഴ് വസ്തുക്കൾ അടിയന്തരമായി നീക്കം ചെയ്ത് ഇവയുടെ സംഭരണശേഷി ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്.
- തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കുന്ന കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ സ്വാഭാവികമായി നടക്കേണ്ട മറ്റ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ എല്ലാം തന്നെ വീഴ്ച കൂടാതെ നടത്താൻ ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ടെന്ന് എല്ലാ തദ്ദേശ സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ്.

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി -2

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ഡയറക്ടർ ജനറൽ, കില

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ (I&PRD), വെബ് & മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 31-10-2025 19:55:36

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്